**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2049** **12-02-2024 - ൽ മറുപടിയ്ക്ക്**

**ദളിത് ക്രൈസ്തവർക്കുള്ള സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ദളിത് ക്രൈസ്തവരെ സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്നും പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (എ) | **ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ച വരുന്നു.** |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 2022-23 മുതൽ പട്ടികജാതി/ പട്ടികവർഗ്ഗങ്ങൾക്കും, മറ്റ് അർഹ വിഭാഗങ്ങൾക്കും, വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സർക്കാർ/സർക്കാർ എയ്ഡഡ്/ അംഗീകൃത സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ/സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിലടക്കം മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ടി സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകളിലും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ ആർട്സ് & സയൻസ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻപ് ആനുകൂല്യം അനുവദിച്ചിരുന്നില്ല. പരിഷ്കരിച്ച മാറ്റങ്ങൾ നിലവിൽ വന്നതോടെ നിരവധി വിദ്യാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പുതുക്കിയ കേന്ദ്ര നിർദ്ദേശവും അതിനെ തുടർന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മെറിറ്റിലും നിയമാനുസൃതമായ റിസർവേഷനിലും പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണ ഗതിയിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | ആണ് പരിവർത്തിത ക്രൈസ്തവരടക്കമുള്ള മറ്റ് അർഹ വിഭാഗങ്ങൾക്ക് അനുവദിക്കുന്നത്. നിലവിൽ പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണ ഗതിയിൽ അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും അനുവദിക്കുന്നുണ്ട്. |
| (സി) | ദളിത് ക്രൈസ്തവർക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംവരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആർട്സ് ആന്റ് സയൻസ് ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും, ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിലെ പ്രവേശനത്തിനും പ്രത്യേകമായി 1% സംവരണം അനുവദിക്കുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് എസ്.ഐ.യു.സി. വിഭാഗങ്ങൾക്കൊപ്പമാണ് പരിവർത്തിത ക്രൈസ്തവർക്ക് 1% സംവരണം അനുവദിക്കുന്നത്. എന്നാൽ പ്രൊഫഷണൽ കോഴ്സുകൾ ഒഴികെ മറ്റ് എല്ലാ കോഴ്സുകൾക്കും എസ്.ഐ.യു.സി. വിഭാഗം ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പമാണ് സംവരണം പങ്കിടുന്നത്. പ്രൊഫഷണൽ കോഴ്സുകളിൽ പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി സംവരണം അനുവദിക്കുന്ന വിഷയത്തിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കമ്മീഷന്റെ ഉപദേശം സർക്കാർ തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2049** **12-02-2024-ൽ മറുപടിയ്ക്ക്**

## ദളിത് ക്രൈസ്തവർക്കുള്ള സംവരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ.വി.അബ്ദു റഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം,വഖഫ്,ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി)** |
| (എ) | ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ദളിത് ക്രൈസ്തവരെ സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്നും പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (എ) | ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 2022-23 മുതൽ പട്ടികജാതി/ പട്ടികവർഗ്ഗങ്ങൾക്കും, മറ്റ് അർഹ വിഭാഗങ്ങൾക്കും, വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സർക്കാർ/സർക്കാർ എയ്ഡഡ്/ അംഗീകൃത സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ/സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിലടക്കം മെറിറ്റ്/ |

| | | | |
|---|---|---|---|
| | | | റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ടി സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകളിലും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ ആർട്സ് & സയൻസ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻപ് ആനുകൂല്യം അനുവദിച്ചിരുന്നില്ല. പരിഷ്കരിച്ച മാറ്റങ്ങൾ നിലവിൽ വന്നതോടെ നിരവധി വിദ്യാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പുതുക്കിയ കേന്ദ്ര നിർദ്ദേശവും അതിനെ തുടർന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മെറിറ്റിലും നിയമാനുസൃതമായ റിസർവേഷനിലും പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണ ഗതിയിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ആണ് പരിവർത്തിത ക്രൈസ്തവരടക്കമുള്ള മറ്റ് അർഹ വിഭാഗങ്ങൾക്ക് അനുവദിക്കുന്നത്. നിലവിൽ പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണ ഗതിയിൽ അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും അനുവദിക്കുന്നുണ്ട്. |
| **(സി)** | ദളിത് ക്രൈസ്തവർക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംവരണം അനുവദിക്കുന്നതിന് നടപടി | **(സി)** | നിലവിൽ വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആർട്സ് ആന്റ് സയൻസ് ബിരുദ കോഴ്സുകളിലെ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | പ്രവേശനത്തിനും, ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിലെ പ്രവേശനത്തിനും പ്രത്യേകമായി 1% സംവരണം അനുവദിക്കുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് എസ്.ഐ.യു.സി. വിഭാഗങ്ങൾക്കൊപ്പമാണ് പരിവർത്തിത ക്രൈസ്തവർക്ക് 1% സംവരണം അനുവദിക്കുന്നത്. എന്നാൽ പ്രൊഫഷണൽ കോഴ്സുകൾ ഒഴികെ മറ്റ് എല്ലാ കോഴ്സുകൾക്കും എസ്.ഐ.യു.സി. വിഭാഗം ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പമാണ് സംവരണം പങ്കിടുന്നത്. പ്രൊഫഷണൽ കോഴ്സുകളിൽ പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി സംവരണം അനുവദിക്കുന്ന വിഷയത്തിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കമ്മീഷന്റെ ഉപദേശം സർക്കാർ തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 12.02.2024 ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത 2049-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നിയമസഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം.**

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 'ദളിത് ക്രൈസ്തവർക്കുള്ള സംവരണം' എന്ന വിഷയത്തിൽ ശ്രീ.റോജി.എം.ജോൺ എം.എൽ.എ ഉന്നയിച്ചതും 12.02.2024-ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്രചിഹ്നമിടാത്ത 2049-ാം നമ്പർ നിയമസഭാ ചോദ്യത്തിന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചും, മറ്റു വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടിയും വന്നതിനാലാണ് യഥാസമയം മറുപടി സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും ആയതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും അറിയിക്കുന്നു.

പിണറായി വിജയൻ
മുഖ്യമന്ത്രി

**പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 12.02.2024 ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത 2049-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നിയമസഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം.**

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 'ദളിത് ക്രൈസ്തവർക്കുള്ള സംവരണം' എന്ന വിഷയത്തിൽ ശ്രീ.റോജി.എം.ജോൺ എം.എൽ.എ ഉന്നയിച്ചതും 12.02.2024-ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്രചിഹ്നമിടാത്ത 2049-ാം നമ്പർ നിയമസഭാ ചോദ്യത്തിന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചും, മറ്റു വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടിയും വന്നതിനാലാണ് യഥാസമയം മറുപടി സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും ആയതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും അറിയിക്കുന്നു.

Umadevi L.D

ഉമാദേവി എൽ.ഡി
പെൻ : 101129
ജോയിന്റ് സെക്രട്ടറി
ന്യൂനപക്ഷ ക്ഷേമ വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം